# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1481. | 03.12.2018-ന് മറുപടിയ്ക്ക് |
|---|---|

### അനധികൃത റോഡ് കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.കെ.മുരളീധരൻ | | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിൽ പുതുതായി നാഷണൽ ഹൈവേകൾ നിർമ്മിച്ചപ്പോൾ ഉപേക്ഷിക്കപ്പെട്ട റോഡുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ദേശീയപാതാ വിഭാഗത്തിനുകീഴിൽ തിരുവനന്തപുരം ജില്ലയിൽ ഉപേക്ഷിക്കപ്പെട്ട റോഡുകൾ ഒന്നും തന്നെയില്ല. അമരവിള പാലം ഉൾപ്പെടുന്ന പഴയ ഭാഗത്ത് ഇപ്പോൾ ഗതാഗതം നിരോധിച്ചിട്ടുണ്ട്. ഈ ഭാഗത്തും എൻ.എച്ച് 66-ൽ ശാസ്തവട്ടം 16-ാം മൈൽ, ചെമ്പകമംഗലം ജംഗ്ഷനുസമീപം, കഴക്കൂട്ടം, പള്ളിപ്പുറം, കണിയാപുരം, പാങ്ങപ്പാറ എന്നീ ഭാഗങ്ങളിൽ ദേശീയപാതയുടെ അലൈൻമെന്റ് പരിഷ്കരിച്ചതിന്റെ ഭാഗമായി ദേശീയപാതയുടെ പഴയ ഭാഗങ്ങൾ നിലവിലുണ്ട്. |
| (ബി) | ഉപേക്ഷിക്കപ്പെട്ട റോഡുകളുടെ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറിയതായിട്ടുള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഭൂമി സർവ്വെ നടത്തി തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൈയേറ്റങ്ങൾ ശ്രദ്ധയിൽ പെടുന്ന മുറയ്ക്ക് തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ